## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6321 11/07/2012 ൽ മറുപടിക്ക്

## പി.എസ്.സിയിലെ വെരിഫിക്കേഷൻ നടപടികൾ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യിൽ നിയമനം നടത്തിയതിന്റെ വെരിഫിക്കേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ : | (എ) 14.12.2010 മുതൽ 31.08.2011 വരെയുള്ള കാലയളവിലെ വെരിഫിക്കേഷൻ സമയബന്ധിതമായി തീർപ്പാക്കാൻ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ച് ബന്ധപ്പെട്ട നിയമനാധികാരികളെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂരിപക്ഷം നിയമനാധികാരികളും വെരിഫിക്കേഷന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല. എൻട്രി കേഡറിലെ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ എന്റൈറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പ് ആക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ലഭിക്കുവാൻ താമസിക്കുന്നതുമൂലമാണ് ഗസറ്റഡ് ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ നടപടികൾ വൈകുന്നത്. |
| (ബി) ഇതുമൂലം ജോലിയിൽ പ്രവേശിച്ച ജീവനക്കാർ സർവ്വീസ് റെഗുലറൈസേഷൻ. ഐ.ഡി.റ്റി. ഇൻക്രിമെന്റ് തുടങ്ങിയ പല കാര്യങ്ങളിലും ബുദ്ധിമുട്ട് നേരിടുന്നതായി അറിയാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ : | (ബി) സംസ്ഥാനതല നിയമനത്തിൽ രേഖകൾ ഹാജരാക്കിയിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും വെരിഫിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ജില്ലാതല നിയമനങ്ങളിലെ വെരിഫിക്കേഷൻ പൂർത്തിയായിവരുന്നു. നിയമന വെരിഫിക്കേഷനുവേണ്ടി ലഭിക്കുന്ന ന്യൂനതയില്ലാത്ത അപേക്ഷകളിൽ കാലതാമസം കൂടാതെ വെരിഫിക്കേഷൻ നടത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു. |
| (സി) ജീവനക്കാരുടെ കുറവാണ് ഇതിനൊരു പ്രധാന കാരണമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കൂടുതൽ പുതിയ തസ്തികകൾ പി.എസ്.സി.യിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പി.എസ്.സി.യിൽ ജീവനക്കാരുടെ കുറവ് ഉള്ളതിനാൽ 163 അധിക തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ